# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.945 — 05.03.2018-ൽ മറുപടിക്ക്

## സ്റ്റാമ്പ് പേപ്പറുകളുടെ ക്ഷാമം

**ചോദ്യം**

**ശ്രീ.അബ്ദുൽ ഹമീദ് പി.**

എ) സംസ്ഥാനത്ത് സ്റ്റാമ്പ് പേപ്പറുകൾക്ക് ക്ഷാമം നേരിടുന്നുണ്ടോ;വിശദാംശം വെളിപ്പെടുത്തുമോ;

ബി) എങ്കിൽ ഏതൊക്കെ നിരക്കിലുള്ള സ്റ്റാമ്പ് പേപ്പറുകൾക്കാണ് ക്ഷാമമെന്ന് വെളിപ്പെടുത്താമോ;

സി) സ്റ്റാമ്പ് പേപ്പറുകളുടെ ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

എ) യും ബി) യും സി) യും സംസ്ഥാനത്ത് ചെറിയ ഡിനോമിനേഷൻ മുദ്രപ്പത്രങ്ങൾക്ക് ചില ജില്ലകളിൽ ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. 50, 100 രൂപ നിരക്കിലുള്ള നോൺ ജുഡീഷ്യൽ സ്റ്റാമ്പ് പേപ്പറുകൾക്കാണ് ക്ഷാമം നേരിട്ടിരുന്നത്.

സ്റ്റാമ്പ് പേപ്പറുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സംസ്ഥാനത്ത് അധികമായി സ്റ്റോക്കുള്ള 1 രൂപ മുതൽ 5 രൂപ വരെയുള്ള നോൺജുഡീഷ്യൽ സ്റ്റാമ്പ് പേപ്പറുകൾ 50 രൂപ മൂല്യമുള്ളവയായും, 7 രൂപ മുതൽ 10 രൂപ വരെ മൂല്യമുള്ളവയെ 100 രൂപയുടെ സ്റ്റാമ്പ് പേപ്പറായും പുനർമൂല്യനിർണ്ണയം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. പുനർമൂല്യ നിർണ്ണയം നടത്തിയ സ്റ്റാമ്പ് പേപ്പറുകൾ പൊതുജനങ്ങൾക്ക് ലഭ്യമായി തുടങ്ങിയിട്ടുണ്ട്. കൂടാതെ, നിലവിൽ 50, 100 രൂപ വിലയുള്ള മുദ്രപത്രങ്ങൾ സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും ഒട്ടും സ്റ്റോക്കില്ലാത്ത ട്രഷറികളിലേക്ക് നൽകുന്നതിന് നടപടി എടുത്ത് ദൗർലഭ്യം പരിഹരിച്ചിട്ടുണ്ട്. ടി ഇനം മുദ്രപത്രങ്ങൾക്ക് കൃത്രിമക്ഷാമം സൃഷ്ടിക്കുന്നത് തടയാനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

31/03/2018 വരെ ആവശ്യം വരുന്ന മുദ്രപത്രങ്ങൾ

അച്ചടിക്കുന്നതിനുള്ള ഇൻഡന്റ് നാസിക് പ്രസ്സ് അധികാരികൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ 30/09/2017 വരെയുള്ള ഇൻഡന്റിന്റെ 30% മുൻകൂർ തുക പ്രസ്സിന് നൽകിയിട്ടുണ്ട്. 01/04/2017 മുതൽ 30/09/2017 വരെയുള്ള കാലയളവിലേക്ക് ഇൻഡന്റ് നൽകിയതും അച്ചടി പൂർത്തിയായതുമായ മുദ്രപ്പത്രങ്ങൾ നാസിക്കിൽ നിന്നും കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, ഹൈദരാബാദ് സെക്യൂരിറ്റി പ്രസ്സിൽ നിന്നും അച്ചടി പൂർത്തിയായ മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും കൈപ്പറ്റി കൊണ്ടുവരുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ